(സി) എങ്കിൽ ആരുടെയെല്ലാം വസതിയിലെന്നും ഏതെല്ലാം സ്ഥാപനങ്ങളുടേതെന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഫോണുകൾക്ക് ഇതുവരെ എന്തു തുക ബന്ധപ്പെട്ട മന്ത്രിമാരുടെ കാൾ ചാർജ്ജ്, റെന്റൽ എന്നി ഇനത്തിൽ ചെലവായിട്ടുണ്ട്;

(ഇ) ഏതെല്ലാം മന്ത്രിമാരുടെ ഓഫീസുകളിൽ ടെലഫോൺ എക്സ്ചേഞ്ചുകൾ സ്ഥാപിച്ചിട്ടുണ്ട്;

(എഫ്) ഈ എക്സ്ചേഞ്ചുകൾക്കുവേണ്ടി ഇതുവരെ എന്തു തുക വീതം ചെലവാക്കിയിട്ടുണ്ട്;

ഉത്തരം

(എ)-(എഫ്) ഇനം തിരിച്ചുള്ള കൃത്യമായ കണക്കുകൾ ലഭ്യമല്ല. വിവരം ശേഖരിച്ച് നൽകുന്നതാണ്.

മുഖ്യമന്ത്രിയാകുന്നതിനുവേണ്ടി പ്രത്യേക വിമാനത്തിൽ യാത്ര ചെയ്തതിന്റെ ചെലവ്

22(760) ശ്രീ. എം. നാരായണൻ (കുഴൽമന്ദം): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോഴത്തെ പ്രതിപക്ഷ നേതാവ് 1995-ൽ മുഖ്യമന്ത്രിയാകുന്നതിനുവേണ്ടി ഡൽഹിയിൽ നിന്നും പ്രത്യേക വിമാനത്തിൽ യാത്ര ചെയ്തതിന്റെ ചെലവ് ആരാണ് വഹിച്ചത്;

(ബി) ഇതു സംബന്ധിച്ച് അക്കൗണ്ടന്റ് ജനറലിന്റേയോ മറ്റോ ഒബ്ജക്ഷൻ നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഇതു സംബന്ധിച്ച് എന്തെങ്കിലും നിയമ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ)-(സി) ഇപ്പോഴത്തെ പ്രതിപക്ഷ നേതാവ് മുഖ്യമന്ത്രിയാകുന്നതിനുമുമ്പ് ഡൽഹിയിൽ നിന്നും കേരളത്തിലേക്ക് പ്രത്യേക വിമാനത്തിൽ യാത്ര ചെയ്ത വകയിൽ 14,69,480/-രൂപ കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിന് നല്കാനുണ്ട്. ഈ തുക ആരും നല്കിയിട്ടില്ല. സംസ്ഥാന സർക്കാർ ഈതുക നല്കണമെന്ന് ഉത്തരവു പുറപ്പെടുവിച്ചിരുന്നുവെങ്കിലും ഇതിനെതിരായി ആക്ഷേപങ്ങൾ ഉയർന്നു വന്നതിനെ തുടർന്ന് അത് മാറ്റി വയ്ക്കുകയാണുണ്ടായത്, പ്രതിരോധന മന്ത്രാലയവും അക്കൗണ്ടന്റ് ജനറലും തുക അടിയന്തിരമായി അടച്ചു തീർക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

വ്യാജനോട്ടുകളുടെ പ്രചാരം തടയുന്നതിന് നടപടി

23(761) ശ്രീ. എൻ. കണ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രചരിക്കുന്ന കള്ളനോട്ടുകൾ കാരണം ജനങ്ങൾ നേരിടുന്ന ഭയവും ബുദ്ധിമുട്ടുകളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly